ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലെയും സ്കൂളുകളെ ഉൾക്കൊള്ളിച്ചു കൊണ്ടാണ് നടപ്പിലാക്കുന്നത്. വിദൂര പ്രദേശങ്ങളിലുള്ള സ്കൂളുകൾക്കാണ് മുൻഗണന.

(ബി) & (സി) സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ ഉന്നതനിലവാരത്തിലുള്ള വിദ്യാഭ്യാസ പരിപാടികൾ ലഭ്യമാക്കുക എന്നതാണ് എഡ്യൂസാറ്റ് വഴിയുള്ള വിദ്യാഭ്യാസ പരിപാടിയായ ViCTERS (Virtual Class room Technology on EDUSAT for Rural Schools)-ലൂടെ ലക്ഷ്യമിടുന്നത്. ഈ പരിപാടികൾ രണ്ടു തരം ടെർമിനലുകളിലൂടെയാണ് ലഭ്യമാക്കുന്നത്. 1. Satellite Interactive Terminal (SIT). 2. Receive Only Terminal (ROT). 2005-ജൂലൈ മുതൽ ഇന്റീറാക്ടീവ് ടെർമിനൽ വഴി എല്ലാ ജില്ലകളിലുമുള്ള എഡ്യൂസാറ്റ് ട്രെയിനിംഗ് സെന്ററുകളിൽ പരിശീലന പരിപാടികൾ നടന്നു വരുന്നു. കൈറ്റ്(കേരള ഇൻഫ്രാസ്ട്രക്ചർ ഫോർ ടെക്നോളജി ഇൻ എഡ്യുക്കേഷൻ)-ന്റെയും കൈറ്റ്-ന്റെയും നേതൃത്വത്തിൽ 182 ഗവൺമെന്റ് ഹൈസ്കൂളുകളിൽ Receive Only Terminal-ലുകളും, ടെലിവിഷനുകളും സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. 824 ഗവൺമെന്റ് ഹൈസ്കൂളുകളിൽ ROT മാത്രം സ്ഥാപിക്കാനും അനുമതി നൽകിയിട്ടുണ്ട്. ടി. വി. ആവശ്യമായ സ്കൂളുകൾക്ക് അവ വാങ്ങി നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും MP, MLA-മാരുടേയും വികസന ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ ബാക്കിയുള്ള സ്കൂളുകളിൽ വരുന്ന അദ്ധ്യായന വർഷത്തിനുള്ളിൽ എഡ്യൂസാറ്റ് ടെർമിനലുകളും, ടി. വി.-യും സ്ഥാപിച്ച് എഡ്യൂസാറ്റിന്റെ സേവനം മുഴുവൻ സ്കൂളുകളിലേക്കും വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

സ്കൂളുകൾ വിദ്യാർത്ഥികൾക്ക് മുട്ട വിതരണം നടത്തുന്ന പദ്ധതി

17 [34] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ. പി., യു. പി., ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ദിവസേന മുട്ട നൽകുന്നതിനുള്ള പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ; ഈ പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതി എന്നുമുതലാണ് നടപ്പിലാക്കിയത്; ഇതുവരെയായി എത്ര വിദ്യാലയങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ;

(സി) ഓണം, ക്രിസ്തുമസ്, റംസാൻ എന്നീ വിശേഷ അവസരങ്ങളിൽ കുട്ടികൾക്ക് 5 കി. ഗ്രാം അരി നൽകുന്ന പദ്ധതി സർക്കാർ ഉപേക്ഷിച്ചിട്ടുണ്ടോ;

(ഡി) 2005-06 അദ്ധ്യയന വർഷത്തിൽ ഈ പദ്ധതി ഏതൊക്കെ സന്ദർഭങ്ങളിൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 7 വരെയുള്ളതും, സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ ഒരിക്കൽ ഒരു പാകംചെയ്ത കോഴിമുട്ട നൽകുന്ന പദ്ധതി 17-11-2005 മുതൽ ആരംഭിച്ചിട്ടുണ്ട്. തുടർന്ന് സംസ്ഥാനത്തെ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായുള്ള സ്കൂളുകളിൽ 2-11-2005 മുതലും, പ്രീ പ്രൈമറി വിദ്യാർത്ഥികൾക്ക് 5-1-2006 മുതലും മുട്ട വിതരണം നടത്തിവരുന്നു. നാളിതുവരെ ഈ പദ്ധതി 11,535 വിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) & (ഡി) ഉപേക്ഷിച്ചിട്ടില്ല. ഈ വർഷം ഓണത്തോടനുബന്ധിച്ച് 5 കി. ഗ്രാം അരി വീതം സംസ്ഥാനത്തെ ഉച്ചഭക്ഷണ പരിപാടിയിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്.

യു. പി./എൽ. പി. സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി

18 [315] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ യു. പി./എൽ. പി. സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) യു. ഡി. എഫ്. സർക്കാരിന്റെ ഇതുവരെയുള്ള കാലയളവിൽ അപ്ഗ്രേഡ് ചെയ്ത സ്ഥാപനങ്ങൾ ഏതെല്ലാം;

(സി) ഏതെല്ലാം അൺ എയ്ഡഡ് സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) എല്ലാ ഭൗതിക സൗകര്യങ്ങളും നിലവിലുള്ള നല്ലളം എ. യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് പരിഗണിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് മേഖലയിൽ സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നയപരമായ തീരുമാനം എടുത്തിട്ടില്ല.

(ബി) & (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) സർക്കാർ/എയ്ഡഡ് സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly